**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 116** **08-12-2022 - ൽ മറുപടിയ്ക്ക്**

**അങ്കമാലി-ശബരി റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനം ദീർഘനാളായി ആവശ്യപ്പെടുന്നതും ശബരിമല തീർത്ഥാടകർക്ക് ഏറെ ഗുണകരമായതും മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ അങ്കമാലി-ശബരി റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് G.O(Ms) No. 1/2021/Trans Dt 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുന്നതിനു റെയിൽവേ ബോർഡ് കെ-റെയിലിനെ നിർദ്ദേശിക്കുകയും ഇതു സംബന്ധിച്ച്, ലിഡാർ സർവ്വേ പൂർത്തിയാക്കി അങ്കമാലി - എരുമേലി - ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് റെയിൽവേയുടെ അംഗീകാരത്തിനായി 21.03.2022 നു സമർപ്പിക്കുകയും ചെയ്തു. കൂടാതെ പദ്ധതിയുടെ ഡി.പി.ആർ പൂർത്തീകരിച്ചു കൊണ്ട് 18.06.2022 നു റെയിൽവേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തു. ദക്ഷിണ റെയിൽവേ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും ടി റിപ്പോർട്ട് റെയിൽവേ ബോർഡിനു 21.07.2022 നു സമർപ്പിക്കുകയും ചെയ്തു. പദ്ധതി നിർഘനിഭവിപ്പിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി അങ്കമാലി-ശബരി പദ്ധതിക്കു വേണ്ടി D.O No. 9672021/CM Dated 18.09.2021 എന്ന കത്തിലൂടെ കേന്ദ്ര റെയിൽ വകുപ്പു മന്ത്രിയോട് ആവശ്യപെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഇടം പിടിക്കുകയുമുണ്ടായി. കെ. ആർ.ഡി.സി.എൽ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും റെയിൽവേ ബോർഡിൽ പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഈ പദ്ധതി ഉൾപ്പെടുത്തിയതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; | (ബി) | പ്രധാനമന്ത്രിയുടെ പ്രഗതി സ്കീമിൽ ഉൾപ്പെട്ട പദ്ധതിയാണ് അങ്കമാലി - ശബരി റെയിൽ പദ്ധതി. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ ഭൂമിയുടെ ഭീമമായ വില വർദ്ധനവ് കണക്കിലെടുത്ത് ഭൂമി സൗജന്യമായി വിട്ടുകൊടുക്കുന്നതിനുള്ള സന്നദ്ധതയും നിർമ്മാണ ചെലവിന്റെ അമ്പത് ശതമാനം ഏറ്റെടുക്കുന്നതിനുള്ള സമ്മതവും സംസ്ഥാന സർക്കാർ അറിയിക്കുന്ന മുറയ്ക്ക് പദ്ധതി ഏറ്റെടുക്കുന്നതാണെന്ന് റെയിൽവേ അറിയിച്ചിരുന്നോ; | (സി) | 2019 ലെ റെയിൽവേ ബോർഡ് നം. 93/W-I/Survey/SR/11 കത്ത് പ്രകാരം അങ്കമാലി - ശബരി പദ്ധതിയുടെ 50 ശതമാനം തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന ആവശ്യം റെയിൽവേ മുമ്പോട്ട് വച്ചിരുന്നു. |
| (ഡി) | നിർദ്ദിഷ്ട അങ്കമാലി-ശബരി റെയിൽ പദ്ധതി സാക്ഷാത്ക്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ വെളിപ്പെടുത്താമോ? | (ഡി) | അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചിലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണ് എന്ന് G.O(Ms) No. 1/2021/Trans Dt 07.01.2021 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് പദ്ധതി നിർഘനീഭവിപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി കേന്ദ്ര റെയിൽ വകുപ്പ മന്ത്രിയ്ക്ക് അങ്കമാലി-ശബരി പദ്ധതിക്കു വേണ്ടി കത്തയച്ചിരുന്നു (D.O No. 9672021/CM Dated 18.09.2021). പ്രസ്തുത പദ്ധതി ദക്ഷിണ റെയിൽവേയുടെ 2022-23 ലെ പിങ്ക് ബുക്കിൽ ഇടം പിടിക്കുകയുമുണ്ടായി. കെ.ആർ.ഡി.സി.എൽ സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആറും നിലവിൽ റെയിൽവേ ബോർഡിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ